**കേരള സർക്കാർ**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

**ഫാം ഇൻഫർമേഷൻ ബ്യൂറോ**

കവടിയാർ, തിരുവനന്തപുരം 695003

www.fibkerala.gov.in, fibtvm.agri@kerala.gov.in, 0471 -2318186, 2317314

നം: ADFW/ FIB/TVM/200/2025 -J തീയതി: 23-07-2025

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2024- വർഷത്തിൽ കാർഷിക മേഖലയിലെ വിവിധ രംഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചവർക്ക് അവാർഡുകളും സമ്മാനങ്ങളും നൽകാൻ 19-07-2025-ലെ ADFW/13853/2024 - TV1 നം. കത്ത് പ്രകാരം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ആയതിലെ നിബന്ധനകൾക്ക് വിധേയമായി കർഷക ഭാരതി അവാർഡുകൾക്കായി നോമിനേഷനുകൾ ചുവടെ ചേർക്കും പ്രകാരം ക്ഷണിയ്ക്കുന്നു.

**കർഷക ഭാരതി അവാർഡ്**

ഏറ്റവും മികച്ച ഫാം ജേർണലിസ്റ്റിനാണ് അവാർഡ് നൽകുന്നത്. മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന വ്യക്തിക്കാണ് അവാർഡ് നൽകുന്നത്. വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുകയില്ല. കർഷകഭാരതി അവാർഡ് നാല് വിഭാഗങ്ങളായാണ് നൽകുന്നത്.

| ക്രമ നം. | മാധ്യമം | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|
| 1 | അച്ചടി മാധ്യമം | 50,000/- രൂപയുടെ ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് |
| 2 | ദൃശ്യ മാധ്യമം | 50,000/- രൂപയുടെ ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് |
| 3 | നവ മാധ്യമം | 50,000/- രൂപയുടെ ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് |
| 4 | ശ്രവ്യ മാധ്യമം | 50,000/- രൂപയുടെ ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് |

**അവാർഡിനുള്ള മാനദണ്ഡങ്ങൾ:**

1. **അച്ചടി മാധ്യമം**

കാർഷിക പത്ര പ്രവർത്തന മേഖലയിലെ നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ് ആയത് സംബന്ധിച്ച ഒരു സാക്ഷ്യപത്രം (രണ്ട് പേജിലെങ്കിലും കുറയാത്തത്) സ്വയം സാക്ഷ്യപ്പെടുത്തി നോമിനേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. **ദൃശ്യ മാധ്യമം**

കാർഷിക മേഖലയുമായി ബന്ധപ്പെട്ട ദൃശ്യ മാധ്യമം വഴി നൽകിയ സംഭാവനകളാണ് അവാർഡിനായി പരിഗണിക്കുന്നത്. നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. അപേക്ഷകന്റെ ദൃശ്യ പരിപാടിയിലെ പ്രാതിനിധ്യം ക്രഡൻഷ്യലിൽ ഉണ്ടായിരിക്കേണ്ടതാണ്. ആയതിനോടൊപ്പം

ബന്ധപ്പെട്ട സ്ഥാപനം/ ചാനലിന്റെ ടെലികാസ്റ്റ് സർട്ടിഫിക്കേറ്റ്/ സാക്ഷ്യപത്രം നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഈ മേഖലയിലെ ആകെ സംഭാവനകളും സംബന്ധിച്ച ഒരു വിവരണം (രണ്ട് പേജിൽ കുറയാത്തത്) സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

3. <u>നവമാധ്യമം</u>

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നവമാധ്യമം വഴി നൽകിയ സംഭാവനകളാണ് അവാർഡിനായി പരിഗണിക്കുന്നത്. നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. വെബ് പേജുകളിൽ പ്രസിദ്ധീകരിച്ച അപേക്ഷകന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളും രചനകളും അവാർഡിനായി സമർപ്പിക്കുമ്പോൾ, ഇവയുടെ പ്രിന്റ് പകർപ്പ് നൽകണം. ബോഗ്ഗുപോലുള്ള സ്വയം കേന്ദ്രീകൃതമായ സാമൂഹ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച സൃഷ്ടികളും കുറിപ്പുകളും പരിഗണിക്കപ്പെടുന്നതല്ല.

4. <u>ശ്രവ്യ മാധ്യമം</u>

കാർഷിക മേഖലയുമായി ബന്ധപ്പെട്ട ശ്രവ്യ മാധ്യമം വഴി നൽകിയ സംഭാവനകളാണ് അവാർഡിനായി പരിഗണിക്കുന്നത്. നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. അപേക്ഷകന്റെ ശ്രവ്യ പരിപാടിയിലെ പ്രാതിനിധ്യം ക്രഡൻഷ്യലിൽ ഉണ്ടായിരിക്കേണ്ടതാണ്. ആയതിനോടൊപ്പം ബന്ധപ്പെട്ട സ്ഥാപനം/ ചാനലിന്റെ ടെലികാസ്റ്റ് സർട്ടിഫിക്കേറ്റ്/ സാക്ഷ്യപത്രം നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഈ മേഖലയിലെ ആകെ സംഭാവനകളും സംബന്ധിച്ച ഒരു വിവരണം (രണ്ട് പേജിൽ കുറയാത്തത്) സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

അപേക്ഷയും വിശദാംശങ്ങളും **<u>www.keralaagriculture.gov.in,</u>** **<u>www.fibkerala.gov.in</u>** എന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 28-07-2025. അപേക്ഷകർ "പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം -3" എന്ന വിലാസത്തിൽ അയക്കണം. നോമിനേഷനുകളുടെ പുറത്ത് "കർഷക ഭാരതി അവാർഡ് - 2024 - ഏതു വിഭാഗം" എന്നത് പ്രത്യേകം രേഖപ്പെടുത്തണം.

SINDHU K S
PRINCIPAL INFORMATION OFFICER

പകർപ്പ്:
1) ഫാം ഇൻഫർമേഷൻ ബ്യൂറോ വെബ്സൈറ്റ്, മൊബൈൽ ആപ്പ്, പ്രസിദ്ധീകരണത്തിന്
2) ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ( 2 പകർപ്പ്), വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനും ഡയറക്ടർക്കും)
3) ഫാം ന്യൂസ്, ഞാറ്റുവേല, നൂറുമേനി - അതാത് ഡിവിഷൻ
4) പത്ര പരസ്യം - മീഡിയ വിഷൻ
5) കുട്ടനാട് റേഡിയോ
6) സ്റ്റോക്ക് ഫയൽ.

Signed by
Sindhu K S
Date: 23-07-2025 16:09:24